**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1163** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മുനക്കൽ ബീച്ചിന്റെ സമഗ്ര വിനോദസഞ്ചാര വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ ബീച്ചും അതിനോട് ചേർന്നുള്ള അറുപത് ഏക്കറോളം വരുന്ന കാറ്റാടി മരങ്ങൾ നിറഞ്ഞ വിശാലമായ തീരപ്രദേശവും ഒരു പ്രധാന അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള എന്തെങ്കിലും സമഗ്ര മാസ്റ്റർ പ്ലാൻ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല. ടൂറിസം സാധ്യത പരിശോധിച്ച്, ശേഷം ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്.

**(ബി)** മുനക്കൽ ബീച്ചിൽ നിലവിൽ നടത്തിവരുന്ന ബീച്ച് ഫെസ്റ്റിവലുകൾ, സാംസ്കാരിക മേളകൾ എന്നിവയ്ക്ക് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കലണ്ടറിൽ ഉൾപ്പെടുത്തിക്കൊണ്ട് വാർഷിക 'മെഗാ ബീച്ച് ഫെസ്റ്റിവൽ' ആയി ഇതിനെ പ്രഖ്യാപിക്കാൻ തയ്യാറാകുമോ;

**<u>മറുപടി:</u>** മുനയ്ക്കൽ ബീച്ച് ഫെസ്റ്റ് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഒഫിഷ്യൽ കലണ്ടറിൽ ഉൾപ്പെടുത്തി മെഗാ ബീച്ച് ഫെസ്റ്റിവൽ ആയി പ്രഖ്യാപിക്കുന്ന വിഷയം നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

**(സി)** ഈ വിസ്തൃതമായ തീരപ്രദേശത്ത് വിശാലമായ കുട്ടികളുടെ പാർക്ക്, വിവിധ കളികൾക്കാവശ്യമായ ആധുനിക ഗ്രൗണ്ടുകൾ, സീ-ഫുഡ് കോർട്ട്, വാട്ടർ സ്പോർട്സ്/അഡ്വഞ്ചർ ടൂറിസം സൗകര്യങ്ങൾ, വാക്ക് വേ എന്നിവ പുതുക്കി നിർമ്മിക്കുന്നതിനും വിനോദസഞ്ചാരികൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ( ലൈറ്റിംഗ്, വാഷ്റൂം, സുരക്ഷിതമായ പാർക്കിംഗ്) അന്താരാഷ്ട്ര നിലവാരത്തിൽ ഒരുക്കുന്നതിനും പ്രത്യേക ഫണ്ട് അനുവദിക്കാമോ;

**<u>മറുപടി:</u>** അടിസ്ഥാന സൗകര്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി മുസിരിസ് മുഖേന പ്രാഥമിക നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

**(ഡി)** ഈ വലിയ ടൂറിസം പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രാദേശികമായി ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തീരദേശത്തെ യുവാക്കൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ

വനിതകൾക്കും മുൻഗണന നൽകുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ (റെസ്പോൺസിബിൾ ടൂറിസം മിഷൻ)വഴി പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കുമോ?

**<u>മറുപടി:</u>** കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന ആവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതു പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**